

Std-2

Unit-1


# എന്റെ കേരളം

സൗമ്യേന്ദ്രൻ കണ്ണംവെള്ളി
ഗവ. ട്രൈബൽ യുപി സ്കൂൾ കണ്ണവം

# ചോദ്യോത്തര പാട്ട്

പറയൂ പറയൂ ചങ്ങാതികളേ
നിങ്ങളുടെ വീട്ടിൽ എന്തുണ്ട്?
പറയാം പറയാം ചങ്ങാതികളെ
എന്നുടെ വീട്ടിൽ പന്തുണ്ട്.

# ചിത്രനിരീക്ഷണം



എന്റെ പേര് : ..................................................

സ്കൂളിന്റെ പേര് : ..................................................

വീട്ടുപേര് : ..................................................

എന്റെ നാട് : ..................................................

ജില്ല : ..................................................



## 1. എന്റെ കേരളം

പാടും പുഴകളും തോടും- മോടി
കൂടും മലരണിക്കാടും
നീളെ കളകളം പാടും- കാട്ടു-
ചോലയുമാ മണിമേടും
വെള്ളിയരഞ്ഞാണുപോലേ- ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും- നീളെ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും- കൊച്ചു
കേരമരതകത്തോപ്പും
നീളെ കുളിരൊളി തിങ്ങി - എന്റെ
കേരളമെന്തൊരു ഭംഗി!

ഗോപാലകൃഷ്ണൻ കോലഴി

കവിത വായന

# എന്റെ കേരളം

പാടും പുഴകളും തോടും - മോടി
കൂടും മലരണിക്കാടും
നീളേ കളകളം പാടും - കാട്ടു –
ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണുപോലെ - ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും - നീളേ
കോരിത്തരിക്കും വയലും
പീലിനിവർത്തി നിന്നാടും - കൊച്ചു
കേരമരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങി - എന്റെ
കേരളമെന്തൊരു ഭംഗി !

- ഗോപാലകൃഷ്ണൻ കോലഴി

മനസ്സിലാക്കിയ കാര്യങ്ങൾ പങ്കുവെക്കൽ

കവിത  ഈണത്തിൽ ചൊല്ലി അവതരിപ്പിക്കൽ

# ആശയഗ്രഹണ ചോദ്യങ്ങൾ

*കാട്ടുചോല എങ്ങനെയാണ് ഒഴുകുന്നത് ?

*എന്താണ് വെള്ളിയരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്നത്?

*മലയുടെ നിറമെന്താണ് ?

*പീലി നിവർത്തി നിന്നാടുന്നത് എന്താണ് ?

# കവിതാലാപനം
# വ്യത്യസ്ത ഈണങ്ങൾ കണ്ടെത്തൽ

# വ്യത്യസ്ത ഈണങ്ങൾ- വീഡിയോ

# എന്റെ കേരളം കവിത –വീഡിയോ

# സുന്ദരമായ നാട്

നാടിനെ സുന്ദരമാക്കുന്നത് എന്തെല്ലാമാണ്?
ലഘു ചർച്ച

# പദസൂര്യൻ പൂർത്തിയാക്കൂ...



ഈ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതൂ...

*എന്റെ നാട്ടിൽ പുഴയുണ്ട്.

*പുഴ വളഞ്ഞു പുളഞ്ഞ് ഒഴുകുന്നു.

*പുഴയിലൂടെ തോണി പോകുന്നു.

*..........................................................................

*..........................................................................

* ..........................................................................

# വരച്ച് യോജിപ്പിക്കൂ.....

| | |
|---|---|
| പാടും | മലരണിക്കാട് |
| പീലിനിവർത്തിയാടുന്ന | കടൽ |
| മോടി കൂടും | പുഴകൾ |
| തുള്ളിക്കളിക്കുന്ന | തെങ്ങിൻതോപ്പ് |


# നിറം നൽകാം



# കവിതയിൽ നിന്നു കണ്ടെത്തി എഴുതാം

_ടിബി പേജ്- 9 ചർച്ച

എന്റെ  നാട്ടിൽ പാട്ടു പാടി ഒഴുകുന്ന പുഴകളും തോടുകളും ഉണ്ട് . ചന്തമുള്ള പൂക്കൾ നിറഞ്ഞു നിൽക്കുന്ന  കാടുകളുണ്ട്.



# അനുഭവം പറയാം, എഴുതാം

നിങ്ങൾ അവധിക്കാലം എങ്ങനെയെല്ലാമാണ് ചെലവഴിക്കാറുള്ളത്?

അവധിക്കാല വിശേഷങ്ങൾ പങ്കുവയ്ക്കൽ

# ഒരു അവധിക്കാലത്ത്

അഭിനന്ദും  നന്ദനയും വെളുപ്പിന് ഉണർന്നു.  അമ്മമ്മയുടെ നാട്ടിൽ പോകണം . അവിടെ ഉത്സവമാണ്. " മക്കളേ, വേഗം കുളിച്ചോളൂ "വസ്ത്രങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിൽ അമ്മ പറഞ്ഞു.



ബാഗുമെടുത്ത് ആറാം നിലയിൽ നിന്ന് പടികളിറങ്ങി എല്ലാവരും കാറിനടുത്തെത്തി . തിരക്കിലൂടെ കാർ മുന്നോട്ടു നീങ്ങി. വീതിയേറിയ റോഡ് . തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ . ഇരുവശത്തും കൂറ്റൻ കെട്ടിടങ്ങൾ . കാൽനടക്കാരും വാഹനങ്ങളും ആകെ ബഹളമയം

റോഡരികിലെ സിഗ്നൽ പോസ്റ്റിൽ ചുവപ്പു വെളിച്ചം തെളിഞ്ഞതോടെ അച്ഛൻ കാർ നിർത്തി. പച്ചവെളിച്ചം തെളിഞ്ഞു . നിരനിരയായി നിൽക്കുന്ന വാഹനങ്ങൾ മുന്നോട്ടുനീങ്ങി . കാർ പാലത്തിലേക്ക് കയറി . നിറഞ്ഞൊഴുകുന്ന പുഴ . തോണിയിലിരുന്ന് മീൻ പിടിക്കുന്നവരെ നോക്കി അവൾ കൈവീശി . ജഹ്ക്... ജഹ്ക്..... അപ്പുറത്തുള്ള പാലത്തിലൂടെ ഒരു തീവണ്ടി കടന്നു പോയി . അഭിനന്ദും നന്ദനയും കാഴ്ചകൾ കണ്ടു രസിച്ചു.

കാർ നാട്ടിൻപുറത്തെത്തി. റോഡിൽ തിരക്കു കുറഞ്ഞു. ഇരുവശത്തും ധാരാളം മരങ്ങൾ. കൊച്ചു കൊച്ചു വീടുകൾ. ഇടയ്ക്കിടെ പച്ചവിരിച്ച പാടങ്ങൾ . അങ്ങകലെ ഉയർന്ന മലനിരകൾ . പാടത്തിനു നടുവിലൂടെ കളകളം ഒഴുകുന്ന തോട്. വരമ്പിൽ നിരന്നു നിൽക്കുന്ന വെള്ളക്കൊക്കുകൾ.



തെങ്ങിൻതോപ്പും വാഴത്തോട്ടവും പിന്നിട്ട് കാർ ചെമ്മൺ പാതയിലേക്ക് തിരിഞ്ഞു. വീടിനു മുന്നിലെ വിശാലമായ മുറ്റത്ത് കാർ നിന്നു. നന്ദന ഓടിച്ചെന്ന് അമ്മമ്മയുടെ കണ്ണുപൊത്തി. " ഓ, എന്റെ പൊന്നുമോൾ എത്തിയോ... !”

# ആശയഗ്രഹണ ചോദ്യങ്ങൾ

അവധിക്കാലത്ത് ആരുടെ വീട്ടിലേക്കാണ് അഭിനന്ദും നന്ദനയും പോകുന്നത് ?

വസ്ത്രങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിൽ അമ്മ എന്താണ് പറഞ്ഞത്?

ബാഗുകൾ എടുത്ത് കാറിനടുത്തെത്താൻ
കൂടുതൽ സമയം അവർക്ക് വേണ്ടി വന്നത്
എന്തുകൊണ്ടായിരിക്കും ?

എന്തുകൊണ്ടായിരിക്കും പടികൾ നടന്ന് ഇറങ്ങേണ്ടി വന്നിരിക്കുക?

പട്ടണത്തിലൂടെ കാർ നീങ്ങിയപ്പോൾ അവർ എന്തെല്ലാം കാഴ്ചകളാണ് കണ്ടത് ?

കാർ പാലത്തിലേക്കു  കയറിയപ്പോൾ കുട്ടികൾ കണ്ട കാഴ്ചകൾ എന്തെല്ലാമാണ്?

കാർ നാട്ടിൻപുറത്തെത്തിയെന്ന്
മനസ്സിലാക്കുന്ന വാക്യങ്ങൾ ഏതൊക്കെ?


കുട്ടികളെ കണ്ടപ്പോൾ അക്കമ്മ എന്താണ് പറഞ്ഞത്?

# ടീച്ചറുടെ വായന

# ആശയം ക്രമപ്പെടുത്താം

# ചിത്ര വായന

എന്തെല്ലാമാണ് ചിത്രത്തിലുള്ളത് ?
പട്ടണത്തിലെ കാഴ്ചകൾ തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?





# പറയാം എഴുതാം

നന്ദനയും അഭിനന്ദും പട്ടണത്തിൽ കണ്ട കാഴ്ചകൾ എന്തൊക്കെ ?

നാട്ടിൻപുറത്ത് അവർ എന്തൊക്കെ കണ്ടു?

വ്യക്തിഗത രചന

റാൻഡം അവതരണം

| പട്ടണത്തിൽ കണ്ട കാഴ്ചകൾ | ഗ്രാമത്തിൽ കണ്ട കാഴ്ചകൾ |
| --- | --- |
| | |
| | |
| | |
| | |
| | |

# എഴുതാം

പാഠത്തിൽനിന്നു കണ്ടെത്തി എഴുതൂ.

- വീതിയേറിയ റോഡ്
- കൂറ്റൻ കെട്ടിടങ്ങൾ
- ............................ പുഴ
- ............................ മുറ്റം
- ............................ തോട്
- ............................ മലനിരകൾ
- ............................ പാടങ്ങൾ

# വാക്യം മാറ്റിയെഴുതാം

മൈതാനത്ത് കുട്ടികൾ *വിലങ്ങനെയും കുറുങ്ങനെയും* ഓടിക്കളിച്ചു .

*തൊട്ടുതൊട്ടു വച്ചിരിക്കുന്ന* മിഠായിഭരണികൾ കാണാൻ നല്ല ചന്തമുണ്ട് .

അടിയിൽ വരയിട്ട വാക്കുകൾക്ക് പകരം തലങ്ങുംവിലങ്ങും , നിരനിരയായി തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ മാറ്റിയെഴുതൂ..

# കൂടുതൽ വാക്കുകൾ ഉണ്ടാക്കൂ..

ഉത്സവപ്പറമ്പിൽ തലങ്ങനെയും വിലങ്ങനെയും നിർത്തിയിട്ട വാഹനങ്ങൾ.

തൊട്ടുതൊട്ടു  വച്ചിരിക്കുന്ന ചട്ടികളിൽ പല നിറത്തിലുള്ള പൂക്കൾ

.....................................................................

.................................................................

.....................................................................

...................................................................

# ക്രമത്തിൽ പറയാം

ഒരു ദിവസത്തെ സ്കൂൾ പ്രവർത്തനങ്ങൾ ക്രമത്തിൽ പറയൂ..

*ബെല്ലടിച്ചു.

*അസംബ്ലി ചേർന്നു

*.............................................

*.............................................

*.............................................

*.............................................

*.............................................

*.............................................

*.............................................

# ആശയം ക്രമപ്പെടുത്തി എഴുതാം

നഗരത്തിലൂടെ കാർ നീങ്ങി.
മുത്തശ്ശിക്ക് സന്തോഷമായി .
യാത്രയ്ക്ക് തയ്യാറായി.
ഗ്രാമത്തിലെ കാഴ്ചകൾ കണ്ടു

..........................................................................

............................................................

..........................................................................

.........................................................................

# വർക്ക് ഷീറ്റ് -1

# മാണിക്യച്ചെമ്പഴുക്ക

# വായന

# മാണിക്യച്ചെമ്പഴുക്ക

മാഞ്ചുവട്ടിൽ കുട്ടികളുടെ ബഹളം . അഭിനന്ദും നന്ദനയും അങ്ങോട്ടോടി. അയൽപക്കത്തെ കുട്ടികൾ കളിക്കുകയാണ് . "ഏതു കളിയാ നിങ്ങൾ കളിക്കുന്നത്? " നന്ദന ചോദിച്ചു .

"മാണിക്യച്ചെമ്പഴുക്ക "

" അതെങ്ങനെയാ കളിക്കുക ? "

"അതൊക്കെ ഞങ്ങൾ പറഞ്ഞു തരാം "- ഉണ്ണി പറഞ്ഞു.

മാണിക്യച്ചെമ്പഴുക്ക കളിക്കുന്നത് എങ്ങനെയാണെന്ന് ഉണ്ണി നന്ദനയ്ക്ക് പറഞ്ഞുകൊടുത്തു. എല്ലാവരും പിറകിലേക്ക് കൈകെട്ടി വട്ടത്തിൽ നിൽക്കണം.

നടുവിൽ ഒരു കുട്ടിയും . പാട്ടുപാടിക്കൊണ്ട് ഒരു പഴുത്ത അടയ്ക്ക പിറകിലൂടെ കൈമാറണം . ഈ അടയ്ക്ക കൈമാറുന്നത് നടുവിൽ നിൽക്കുന്ന കുട്ടി കാണരുത്.



“ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്യച്ചെമ്പഴുക്ക
ആ കൈയിലീകൈയിലോ
മാണിക്കച്ചെമ്പഴുക്ക

...................................................

നടുവിലിരിക്കുന്ന
വിരുതനറിയാതെ
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്യച്ചെമ്പഴുക്ക”

ആരുടെ കൈയിലാണ്
ചെമ്പഴുക്ക എന്ന് നടുവിൽ
നിൽക്കുന്ന കുട്ടി പറയണം .
പറഞ്ഞത് ശരിയായയാൽ
ചെമ്പഴുക്ക കൈയിലുള്ള കുട്ടി
നടുവിൽ നിൽക്കണം. പറഞ്ഞത്
ശരിയല്ലെങ്കിൽ ആ കുട്ടി തന്നെ
വിരുതനായി തുടരണം.

# എത്ര കളികളുടെ പേരറിയാം ?

നിങ്ങൾക്കറിയാവുന്ന കളികളുടെ പേര് എഴുതൂ...

*.......................... *..........................
*.......................... *..........................
*.......................... *..........................

# ഇക്കൂട്ടത്തിൽ ഉപകരണങ്ങൾ വേണ്ട കളികൾ ഏതെല്ലാം?

| ഉപകരണങ്ങൾ വേണ്ട കളികൾ | ഉപകരണങ്ങൾ വേണ്ടാത്ത കളികൾ |
|---|---|
| | |
| | |
| | |
| | |
| | |

| രണ്ടുപേർ മാത്രം കളിക്കുന്ന | സംഘമായി കളിക്കുന്നവ |
| --- | --- |
| | |
| | |
| | |
| | |

| അകത്തിരുന്ന് കളിക്കാവുന്ന കളികൾ | പ്രത്യേക സ്ഥലത്ത് മാത്രം നടത്താൻ പറ്റുന്ന കളികൾ |
|---|---|
| | |
| | |
| | |
| | |

# എനിക്കിഷ്ടപ്പെട്ട കളി

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കളിയെ കുറിച്ച് വിവരണം എഴുതൂ...

# വിവരണത്തിൽ എന്തൊക്കെ ?

*എത്ര പേർ വേണം ?

*ഉപകരണങ്ങൾ വേണ്ടതുണ്ടോ ?

*ഉണ്ടെങ്കിൽ എന്ത് ?

*എവിടെയാണ് കളിക്കുക ?

*എന്തെല്ലാമാണ് കളിനിയമങ്ങൾ ?


*ജയം , തോൽവി എങ്ങനെ ?

# കളിപ്പതിപ്പ് തയ്യാറാക്കാം

# നമ്മുടെ കുളം വായന

# നമ്മുടെ കുളം

"അച്ഛാ... അച്ഛാ... അതാ ഒരു ജാഥ "-മാഞ്ചുവട്ടിൽ കളിച്ചു കൊണ്ടിരുന്ന നന്ദന ഓടിവന്ന് പറഞ്ഞു . പാടവരമ്പിലൂടെ വരിവരിയായി ആളുകൾ നടന്നുവരുന്നു . "നുസ്റത്തേ , നിന്റെ ഉപ്പയല്ലേ മുന്നിലുള്ളത്? ഉപ്പയിന്ന് തയ്യൽക്കട തുറന്നിട്ടില്ലേ? " സഞ്ജു ചോദിച്ചു .



"എല്ലാവരും വട്ടിയും കുട്ടയുമായി എങ്ങോട്ടാ? " വേലിക്കരികിൽ നിന്ന് നന്ദനയുടെ അച്ഛൻ ചോദിച്ചു . "അല്ല രാജു, നീ എപ്പഴാ നാട്ടിൽ വന്നത്? നീ വരുന്നോ ? ഞങ്ങൾ പാടത്തെ കുളം വൃത്തിയാക്കാൻ പോവുകയാ"-ഗോവിന്ദേട്ടൻ പറഞ്ഞു.


" ഞാനും വരാം . പണ്ട് നമ്മളൊക്കെ ചേർന്ന് കുഴിച്ച കുളമല്ലേ ഗോവിന്ദേട്ടാ. "

"കുളം വൃത്തിയാക്കിയാൽ കുട്ടികൾക്കെല്ലാം നീന്തൽ പഠിക്കാം. "

നുസ്റത്തിൻറെ ഉപ്പ പറഞ്ഞു.

"നാട്ടുകാർ ഒരുമിച്ചാൽ പലതും ചെയ്യാൻ കഴിയും. നമ്മുടെ റോഡെല്ലാം കുണ്ടും കുഴിയുമായിക്കിടക്കുകയല്ലേ . വഴികളെല്ലാം മണ്ണിട്ട് മൂടിയാൽ വഴി നടക്കാൻ പ്രയാസമുണ്ടാവില്ല“ .

രാജു പറഞ്ഞപ്പോൾ എല്ലാവരും തലകുലുക്കി



# ചിത്രീകരിക്കാം

*കഥാപാത്രങ്ങൾ  ആരൊക്കെ?

*ഓരോരുത്തരും എന്തൊക്കെ പറയണം?

*ആഖ്യാനം ആര് അവതരിപ്പിക്കും?

റിഹേഴ്സൽ

ഗ്രൂപ്പുകളുടെ അവതരണം

വിലയിരുത്തൽ

# പറയാം

നസ്റത്തിന്റെ ഉപ്പ തയ്യൽക്കാരനാണെന്ന് എങ്ങനെയാണ് മനസ്സിലാവുന്നത്?

# പൊതു ഇടങ്ങൾ

റോഡ് പൊതുഇടം ആണോ ? എന്തുകൊണ്ട്?


ചർച്ച

എല്ലാവർക്കും വരാനും പോകാനും ഒന്നിച്ചിരിക്കാനും പറ്റുന്ന ഇടമാണ് പൊതുഇടങ്ങൾ.

റോഡ് പോലെ മറ്റു പൊതു സ്ഥലങ്ങൾ ഉണ്ടോ ?

*ബസ് കാത്തിരിപ്പു കേന്ദ്രം
*മൈതാനം
*പുഴയുടെ തീരം
* പൊതുകളിസ്ഥലം
*കടൽത്തീരം
*പാർക്ക്
ചർച്ച

കുളത്തിന്റെ  കരയിൽ വെച്ച ബോർഡ് കണ്ടില്ലേ ?
ഇത്തരം ബോർഡുകൾ മറ്റ് എവിടെയൊക്കെ സ്ഥാപിക്കാം?



# ജോലി എന്തെല്ലാം?
# ചിത്രനിരീക്ഷണം



*ആരെല്ലാമാണുള്ളത്?

*എന്താണ് അവർ ചെയ്യുന്നത്?

*ഈ ചിത്രത്തിൽ നിന്ന് ഏതൊക്കെ ജോലി
കണ്ടെത്താൻ കഴിയുന്നുണ്ട് ?
നോട്ട് പുസ്തകത്തിലേക്ക്

*സ്വന്തം വീട്ടിൽ ഈ ജോലികളിൽ
എന്തെങ്കിലും ചെയ്യുന്നുണ്ടോ?

*ഇതല്ലാതെ മറ്റെന്തെങ്കിലും ജോലി
ചെയ്യുന്നവർ വീട്ടിൽ ഉണ്ടോ ?

*നിങ്ങളുടെ കൂട്ടുകാരുടെ കുടുംബത്തിൽ
എന്തെല്ലാം ജോലി ചെയ്യുന്നവർ ഉണ്ട്?

# അഭിനയിക്കാം

# തൊഴിൽ സർവ്വേ

# വർക്ക് ഷീറ്റ് - 2


# സർവ്വേ ക്രോഡീകരണം

ഏതെല്ലാം തൊഴിൽ ചെയ്യുന്നവരാണ് ഉള്ളത് ?

ഏറ്റവും കൂടുതൽ പേർ ചെയ്യുന്ന ജോലി എന്ത്?

ഏറ്റവും കുറവ് ഏത് ജോലി ചെയ്യുന്നവരാണ്?

# വാക്കുകൾ എഴുതാം -വായിക്കാം




- രഥം
- പാത
- 

രഥം പാത ജാഥ ധനം

ദയ തിര ദീനം ദാനം

ധേനു ഗദ ഗാഥ പത

പദം പാദം ധാര ധാര

# വാക്യങ്ങൾ എഴുതാം

കണ്ടെത്തിയ വാക്കുകൾ ചേർത്ത്  വാക്യങ്ങൾ എഴുതുക

*രഥം പാതയിലൂടെ ഓടി.

*രാജാവ് ധനം ദാനം ചെയ്തു


*…………………………………………………

*…………………………………………………

*……………………………………………………

# കളിപ്പാട്ടം നിർമിക്കാം

# കളിപ്പാട്ടം നിർമിക്കാം



അമ്മമ്മയുടെ നാടിന്റെ പ്രത്യേകതകൾ വായിച്ചല്ലോ....

നിങ്ങളുടെ നാടിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി ഒരു ലഘു വിവരണം തയ്യാറാക്കൂ..

# പാടാം

കുളവും തോടും
കുളിർ ചോലകളും
കളകളമൊഴുകും അരുവികളും
കാറ്റിൻ പാട്ടിനു കാതോർത്തിടും
പൂക്കളുമുള്ളൊരു മലനാട്...

കാടും മേടും
കതിരണിവയലും
അണിയണി നിൽക്കും തെങ്ങുകളും
പക്ഷികൾ പാടും പൂന്തോപ്പുകളും
എത്ര മനോഹരമെൻ നാട് !

# കുളവും തോടും- വീഡിയോ

മലനാടിന്റെ എന്തൊക്കെ പ്രത്യേകതകളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത് ?

# എഴുതാം

നാടിന്റെ പ്രത്യേകതകൾ ചേർത്ത് ലഘു വിവരണം തയ്യാറാക്കൂ...

# വർക്ക് ഷീറ്റ് - 3

# എഴുതാം

*കുളവും തോടും, കാടും മേടും*

ഇതുപോലെ ഒരുമിച്ചു ചേർക്കാവുന്ന മറ്റേതെല്ലാം പദങ്ങൾ നിങ്ങൾക്കറിയാം ?
എഴുതൂ.....

രാവുംപകലും

ഞാനും നീയും

ഇരുളും വെളിച്ചവും

പാലും മോരും

വെയിലും മഴയും

# പറയാം എഴുതാം

ഈ കവിതയ്ക്ക് ഒരു തലക്കെട്ട് നൽകൂ......

# വർക്ക് ഷീറ്റ് - 4

കവിതയുടെ ആശയം സ്വന്തം വാക്യങ്ങൾ പറയൂ, എഴുതൂ..

വീട് നിർമാണവുമായി ബന്ധപ്പെട്ട
തൊഴിലുകൾ ഏതൊക്കെ ?

# വീടിന്റെ ചിത്രവുമായി വരച്ച യോജിപ്പിക്കൂ..

